LIBRARY ARCHIVES Kerala Legislative Assembly

പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി നഗരസഭയിലെ ചെമ്മാടുള്ള ഹജ്ജൂർ കച്ചേരി കെട്ടിടത്തിലാണ് മലപ്പുറം ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിന് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. മ്യൂസിയം സജ്ജീകരിക്കുന്നതിന് മുന്നോടിയായി ജീർണ്ണത ബാധിച്ച കെട്ടിടത്തിന്റെ ശാസ്ത്രീയ സംരക്ഷണ ജോലികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികളാണ് പുരോഗമിച്ചു വരുന്നത്. 54 ലക്ഷം രൂപ അടങ്കൽ ചെലവ് പ്രതീക്ഷിക്കുന്ന ഘടനാ സംരക്ഷണ പ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കുകയും 17-1-2021-ന് കരാറുകാരന് വർക്ക് ഓർഡർ നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത പ്രവൃത്തിയുടെ ഔപചാരിക ഉദ്ഘാടനം 11-2-2021-ന് നടത്തുകയുണ്ടായെങ്കിലും കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ ജോലികൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല. സ്ഥിതി സാധാരണ നിലയിലാകുന്നമുറയ്ക്ക് സ്മാരകത്തിന്റെ ഘടനാ സംരക്ഷണ പ്രവർത്ത നങ്ങൾ പൂർത്തീകരിക്കുന്നതും തുടർന്ന് മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നതുമാണ്.

ചന്തപ്പുരയിലെ തെയ്യം മ്യൂസിയം

282 (1032) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് ദുരമുഖവും മ്യൂസിയവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി - പാണപ്പുഴ ഗ്രാമ പഞ്ചായത്തിലെ ചന്തപ്പുരയിൽ 7.96 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച തെയ്യം മ്യൂസിയത്തിന്റെ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി - പാണപ്പുഴ ഗ്രാമ പഞ്ചായത്തിലെ ചന്തപ്പുരയിൽ പുതുതായി സ്ഥാപിക്കുന്ന തെയ്യം മ്യൂസിയത്തിന്റെ പ്രവൃത്തികൾ ആരംഭിക്കുന്ന തിനായി ഇ-ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവൃത്തികൾ നടത്തു ന്നതിനായി ഒരു ഏജൻസിയെ നിയമപ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത ഏജൻസിക്ക് വർക്ക് ഓർഡർ നൽകുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. കോവിഡ് ലോക്ഡൗൺ കഴിയുന്ന മുറയ്ക്ക്, തെയ്യം മ്യൂസിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.